"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- മലപ്പുറം മേലാറ്റൂർ- ചെമ്മാനിയോട് ബൈപ്പാസ് റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽപരിശോധനയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.900/2026/LSGD തീയതി,തിരുവനന്തപുരം, 21-04-2026

---

പരാമർശം:-

1. വിജിലൻസ് (ഡി) വകുപ്പിന്റെ 21.10.2023-ലെ വിജി-ഡി1/252/2023-വിജി നമ്പർ കത്ത്.
2. വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.06.2023-ലെ E15-(SC-54/23/MPM)7331/2023/ DVACB നമ്പർ കത്ത്
3. 19.12.2023-ലെ EWA2/81/2023-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണപത്രിക
4. കുറ്റപത്രത്തിന് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീമതി ഷെറിൻ ബീഗം, അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി മൃദു റ്റി.ആർ. (09.01.2024) ശ്രീ. മുഹമ്മദ് അസ്ലഹ് പി.(12.01.2024) ഓവർസിയർമാരായ ശ്രീ. അരുൺ ജി.എസ്. (09.01.2024) ശ്രീ. ഷബാബ് ഒ. എന്നിവർ സമർപ്പിച്ച പ്രതിവാദപത്രിക.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 10.03.2025-ലെ LSGD/PD/70669/2023-VIGD6 നമ്പർ കത്ത്.
6. സ.ഉ.(സാധാ)നം.758/2025/LSGD തീയതി 21.03.2025
7. ത.സ്വ.ഭ.വ. ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 30.04.2025-ലെ E4/305/2025 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്
8. 11.09.2025-ലെ EWA2/81/2023-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്
9. കാരണം കാണിക്കൽ നോട്ടീസിന് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീമതി ഷെറിൻ ബീഗം (26.05.2025), അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി മൃദു റ്റി.ആർ., ശ്രീ. മുഹമ്മദ് അസ്ലഹ് പി.(06.10.2025) ഓവർസിയർമാരായ

ശ്രീ. അരുൺ ജി.എസ്., ശ്രീ. ഷബാബ് ഒ. എന്നിവർ സമർപ്പിച്ച മറുപടി.

**<u>ഉത്തരവ്</u>**

മലപ്പുറം മേലാറ്റൂർ-ചെമ്മാനിയോട് ബൈപ്പാസ് റോഡിന്റെ പുനർനിർമ്മാണപ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ പരാമർശം 2 റിപ്പോർ ട്ട് വിജിലൻസ് ഡയറക്ടർ, വിജിലൻസ് വകുപ്പ മുഖേന ലഭ്യമാക്കി.

**<u>വിജിലൻസ് കണ്ടെത്തിയ വസ്തുതകൾ</u>**

i. ഒന്നാം കരാർ പ്രവൃത്തിയിൽ random ആയി നടത്തിയ പരിശോധനയിൽ പലയിടങ്ങളിൽ Bitumen Macadam (BM), Bitumen Concrete (BC) എന്നിവയുടെ അളവിൽ 1 mm, 5 mm കുറവും Granular Sub-Base (GSB) Wet Mix Macadum (WMM) എന്നിവയുടെ അളവിൽ 8.35 cm കുറവും കണ്ടെത്തി.
ii. രണ്ടാം കരാർ പ്രവൃത്തിയിൽ random ആയി നടത്തിയ പരിശോധനയിൽ പലയിടങ്ങളിൽ BM, BC എന്നിവയുടെ അളവിൽ 9.5 mm, 1.5 cm, 0.65 cm കുറവും GSB, WMM എന്നിവയുടെ അളവിൽ 4.3 cm കുറവും കണ്ടെത്തി.
iii. മൂന്നാം കരാർ പ്രവർത്തിയിൽ random ആയി നടത്തിയ പരിശോധനയിൽ BM, BC എന്നിവയുടെ അളവിൽ 0.25 cm, 1.5cm കുറവും GSB, WMM എന്നിവയുടെ അളവിൽ 4 cm, 8.4 cm കുറവും കണ്ടെത്തി.
iv. നാലാം കരാർ പ്രവർത്തിയിൽ random ആയി നടത്തിയ പരിശോധനയിൽ BM, BC എന്നിവയുടെ അളവിൽ 0.5 cm, 2 cm കുറവും GSB, WMM എന്നിവയുടെ അളവിൽ 4.5 cm കുറവും കണ്ടെത്തി.
v. നാലു പ്രവൃത്തിയായി പണിപൂർത്തീകരിച്ച മേലാറ്റൂർ- ചെമ്മാനിയോട് ബൈപ്പാസ് റോഡ് പുനർനിർമ്മാണ പ്രവൃത്തിയിൽ സർക്കാരിന് ആകെ 45,764.66/- രൂപ (നാൽപത്തയ്യായിരത്തി എഴുന്നൂറ്റി അറുപത്തിനാല് രൂപ അറുപത്തിയാറു പൈസ) നഷ്ടം സംഭവിച്ചിട്ടുണ്ട്.

2 . വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ, കുറ്റാരോപിതരായ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീമതി ഷെറിൻ ബീഗം (PEN-684030, DoR-29.02.2036) അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി മൃദു റ്റി.ആർ. (PEN-619702, DoR-31.05.2047), ശ്രീ. മുഹമ്മദ് അസ്ലഹ് പി. (PEN-436627, DoR-31.08.2042), ഓവർസിയർമാരായ ശ്രീ. അരുൺ ജി.എസ്.(PEN-800236, DoR-31.08.2047), ശ്രീ. ഷബാബ് ഒ. (PEN-802368, DoR-31.05.2044) എന്നിവർക്ക് പരാമർശം 3 കുറ്റപത്രം/ കുറ്റാരോപണപത്രിക നൽകി.

3. കുറ്റാരോപിതർ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന ലഭ്യമാക്കിയ പരാമർശം 4

പ്രതിവാദപത്രികയിൽ ഉന്നയിച്ചിരിക്കുന്ന വാദങ്ങൾ ചുവടെ ചേർക്കുന്നു:-

നാല് കരാർ പ്രവൃത്തികളിലും സൈറ്റിലുള്ള വീതിയേക്കാൾ കുറഞ്ഞ അളവിൽ മാത്രമാണ് ലെവൽ ബുക്ക് പ്രകാരം തുക നൽകുന്നതിന് വേണ്ടി വീതി കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ തന്നെ കരാറുകാരന് അനുകൂലമായും സർക്കാരിന് നഷ്ടം ഉണ്ടാക്കുന്ന രീതിയിലും അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. എൽ.എഫ്. ബുക്കിൽ നോക്കി കോർകട്ട് ചെയ്ത ഭാഗം ലെവലിങ് സ്റ്റാഫ് പിടിച്ച അതേ പോയിന്റ് തന്നെയാണെന്ന് ഉറപ്പിക്കാൻ സാധിക്കുകയില്ല. ശരിയായ പോയിന്റിൽ കട്ട് ചെയ്താൽ മാത്രമേ ലെവൽ ബുക്ക് റീഡിങ് ആയിട്ട് താരതമ്യം ചെയ്യാൻ സാധിക്കുകയുള്ളു. മില്ലീമീറ്റർ അളവുകൾ താരതമ്യം ചെയ്യാൻ ഒരു സാധാരണ സ്കെയിൽ ആണ് ഉപയോഗിച്ചിട്ടുള്ളത്. കൂടാതെ പിക്ആക്സ് ഉപയോഗിച്ചാണ് GSB, WMM എന്നിവയുടെ പിറ്റ് എടുത്തിട്ടുള്ളത്. അത്തരത്തിൽ താരതമ്യം ചെയ്യുമ്പോൾ അളവിൽ ചെറിയ വ്യതിയാനങ്ങൾ വരാൻ സാധ്യതയുണ്ട്. 10 മീറ്റർ ഇടവേളകളിൽ റോഡിന്റെ മധ്യഭാഗത്തും വശങ്ങളിലും ലെവൽ റീഡിങ് എടുത്തു ശരാശരി കനം കണക്കാക്കിയാണ് തുക അനുവദിക്കുന്നതിനുള്ള അളവ് നിർണ്ണയിക്കുന്നത്; വളവു തിരിവുകളും കയറ്റിറക്കങ്ങളും ഉള്ള റോഡായതിനാൽ ഈ പത്തു മീറ്റർ നീളത്തിനിടയിൽ അളവുകൾ തമ്മിൽ ചെറിയ വ്യതിയാനങ്ങൾ സ്വാഭാവികമാണ്. GSB, WMM എന്നീ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ മേൽപറഞ്ഞ റോഡിലൂടെ ഗതാഗതം നിരോധിച്ചിരുന്നില്ല. പ്രസ്തുത റോഡ് സംസ്ഥാന പാതയുമായി കൂടിചേരുന്ന ഒരു പ്രധാന ബൈപാസ് റോഡായതിനാൽ traffic density വളരെ കൂടുതലാണ്. പ്രവൃത്തി നടക്കുമ്പോഴും level reading എടുക്കുമ്പോഴും റോഡിലൂടെ വാഹന ഗതാഗതം നിരോധിച്ചിരുന്നില്ല. അത്തരത്തിലും GSB, WMM എന്നിവയുടെ അളവുകളിൽ വ്യതിയാനം വരാൻ സാധ്യതയുണ്ട്. മേൽ പ്രവൃത്തിയുടെ എല്ലാ ഘട്ടത്തിലും ആവശ്യമായ എല്ലാ നടപടിക്രമങ്ങളും പാലിച്ചും ആവശ്യമായ എല്ലാ ടെസ്റ്റുകളും നടത്തിയുമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. റോഡിന്റെ പുനർനിർമ്മാണ പ്രവർത്തനത്തിന്റെ കാര്യക്ഷമമായ മേൽനോട്ട നിർവ്വഹണത്തിനായി മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന ഓവർസീയർമാരുടെ മുഴുവൻ സമയസേവനവും ഉപയോഗപ്പെടുത്തി റോഡിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ റോഡിന് യാതൊരുവിധ കേടുപാടും സംഭവിച്ചിട്ടില്ല. പൂർത്തീകരിച്ച നാൾ മുതൽ മേലാറ്റൂർ-ചെമ്മാനിയോട് ബൈപാസ് റോഡിലൂടെ ട്രെയിലർ, ടോറസ് അടക്കമുള്ള ചരക്കുവാഹനങ്ങൾ സുഗമമായി ഗതാഗതം നടത്തുന്നുണ്ട്. മേൽപ്പറഞ്ഞ പ്രവൃത്തിയുടെ അളവുകൾ തന്റെ ഉത്തമവിശ്വാസത്തിലും ബോധ്യത്തിലുമാണ് പരിശോധിച്ച് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ഷെറിൻ ബീഗം അറിയിച്ചു. കുറ്റപത്രം തികച്ചും അടിസ്ഥാനരഹിതമാണെന്നും GSB, WMM, BM & BC എന്നിവയുടെ വ്യതിയാനം അളവ് പുസ്തകവുമായി താരതമ്യം ചെയ്യാൻ സാധിക്കില്ല എന്നും ആയതിനാൽ തെറ്റായ അളവുകൾക്ക് മേലൊപ്പ് വെച്ചു എന്ന വാദം ശരിയല്ല

എന്നും കുറ്റാരോപിതർ പ്രതിവാദപത്രികയിൽ വാദിച്ചു. എന്നിരുന്നാലും സാമ്പിൾ എടുത്ത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നാല് ഘട്ടങ്ങളിലായി പൂർത്തീകരിച്ച പ്രവൃത്തിയുടെ പരിശോധനയിൽ കണക്കാക്കിയ നഷ്ടത്തുകയായ 45,765/- രൂപ കോൺട്രാക്ടർമാരിൽ നിന്ന് ഈടാക്കിയിട്ടുണ്ട് എന്നും തങ്ങളെ തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും കുറ്റാരോപിതർ അഭ്യർത്ഥിച്ചു.

4 . പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 5 പ്രകാരം സമർപ്പിച്ച അഭിപ്രായക്കുറിപ്പിൽ, വിജിലൻസ് പരിശോധനയിൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടമായി കണക്കാക്കിയ 45,765/- രൂപ, ബില്ലുകളിൽ കുറവ് വരുത്തിയും ചലാൻ മുഖേന തിരികെ അടവാക്കിയും പൂർണ്ണമായും തിരിച്ചടച്ചതായി ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്ന് അറിയിച്ചിട്ടുണ്ട്. GSB, WMM, BM & BC പ്രവൃത്തികളുടെ ലെവൽ റീഡിങ്, least count 5mm ആയ dumby level instrument ഉപയോഗിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ + or - 5mm വ്യതിയാനം അനുവദനീയമാണെന്നും പിക്ആക്സ് ഉപയോഗിച്ചാണ് GSB, WMM എന്നിവയുടെ പിറ്റ് എടുത്തിട്ടുള്ളത് എന്നതിനാലും GSB, WMM, എന്നീ പ്രവൃത്തികൾ നടന്നുകൊണ്ടിരുന്നപ്പോൾ മേൽപ്പറഞ്ഞ റോഡിലൂടെ ഗതാഗതം നിരോധിച്ചിരുന്നില്ല എന്നതിനാലും അളവിൽ വ്യതിയാനം വരാൻ സാധ്യതയുണ്ടെന്നും നാളിതുവരെ റോഡിന് യാതൊരു കേടുപാടും സംഭവിച്ചിട്ടില്ലാത്തതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു. നാല് കരാർ പ്രവൃത്തികളിലും സൈറ്റിലുള്ള വീതിയെക്കാൾ കുറഞ്ഞ അളവിൽ മാത്രമാണ് ലെവൽബുക്ക് പ്രകാരം തുകനൽകുന്നതിനു വേണ്ടി വീതി കണക്കാക്കിയിട്ടുള്ളതെന്നതിനാൽതന്നെ കരാറുകാരന് അനുകൂലമായും സർക്കാരിന് നഷ്ടമുണ്ടാക്കുന്ന രീതിയിലും അളവുകൾ രേഖപ്പെടുത്തിയിട്ടില്ല എന്ന് മനസ്സിലാക്കുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു.

5. തുടർന്ന് നടന്ന ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണത്തിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു:-

ഒന്നാം കരാർ പ്രവൃത്തിയിലും (Ch 0/0 to 0/360) രണ്ടാം കരാർ പ്രവൃത്തിയിലും (Ch 0/360 to 0/731) GSB വിരിക്കുന്നത് വരെയുള്ള പ്രവൃത്തി മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. മുഹമ്മദ് അസ്ലഹ് പി. ടിയാന്റെ കാലയളവിൽ നടപ്പിലാക്കിയത്. (1), (2) പ്രവൃത്തികളിൽ GSB വിരിക്കലിനു ശേഷമുള്ള ഇനങ്ങൾ, (3), (4) പ്രവൃത്തികൾ മുഴുവനായും (Ch 0/731 to 0/981 and Ch 0/981 to 1/236) അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി മൃദു ആർ-ന്റെ കാലയളവിലാണ് നടപ്പിലാക്കിയത്. ഒന്നാം തരം ഓവർസിയർ ശ്രീ. അരുൺ ജി.എസ്., മൂന്നാം തരം ഓവർസിയർ ശ്രീ. ഷബാബ് ഒ. എന്നിവർ (1), (2)

പ്രവൃത്തികളുടെ GSB വിരിക്കലിനു ശേഷമാണ് മേലാറ്റൂർ പഞ്ചായത്തിൽ ചാർജ് എടുത്തിട്ടുള്ളത് എന്ന് കാണുന്നു.

ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി 08.04.2025 തീയതിയിൽ LSGD ഉത്തരമേഖലാ കാര്യാലയത്തിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘം കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സൈറ്റ്, ഓഫീസിലെ ഫയലുകൾ എന്നിവ പരിശോധിച്ചു. കുറ്റാരോപിതർ പ്രതിവാദപ്രതികയിൽ ഉന്നയിച്ചിരിക്കുന്ന വാദങ്ങളോട് പൂർണമായും യോജിക്കാൻ കഴിയുന്നതല്ല എങ്കിലും, സൈറ്റ് പരിശോധനയിൽ ചെമ്മാനിയോട് മേലാറ്റൂർ ബൈപ്പാസ് റോഡ് കേടുപാടുകൾ ഇല്ലാതെ നല്ല അവസ്ഥയിൽ കാണപ്പെട്ടു. വിജിലൻസ് പരിശോധനയിൽ GSB, WMM, BM, BC എന്നിവയുടെ കനത്തിൽ ചില പോയിന്റുകളിൽ കുറവ് കണ്ടെങ്കിലും നിർമ്മാണം പൂർത്തിയാക്കി രണ്ട് വർഷം പിന്നിടുന്ന, കനത്ത വാഹനസാന്ദ്രതയുള്ള പ്രസ്തുത റോഡിന് കേടുപാടുകൾ ഒന്നും കാണപ്പെട്ടില്ല എന്നതിൽ നിന്ന് റോഡ് നിർമ്മാണത്തിൽ ഗുരുതരമായ പിഴവോ ഗുണനിലവാരമില്ലായ്മയോ സംഭവിച്ചിട്ടില്ല എന്ന് അനുമാനിക്കാവുന്നതാണ്. റോഡ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുള്ളതായി ഫയലിലെ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. GSB, WMM എന്നിവയുടെ Gradation, Bitumen, extraction എന്നിവയുടെ പരിശോധന റിപ്പോർട്ടുകൾ തൃപ്തികരമാണ്. വിജിലൻസ് റിപ്പോർട്ടിലും ഇക്കാര്യം ശരിവച്ചിട്ടുള്ളതാണ്. റോഡ് നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും GSB, WMM, BM, BC എന്നിവയുടെ levels എടുത്ത് Chief Technical Examiner-ക്ക് യഥാവിധം റിപ്പോർട്ട് ചെയ്തതായും കാണുന്നുണ്ട്. വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിൽ പല ചെയിനേജുകളിലും GSB, WMM, BM, BC എന്നിവയുടെ കനം കൂടുതൽ ലഭിച്ചിട്ടുള്ളതായും വീതി എം.ബുക്കിൽ രേഖപ്പെടുത്തിയ അളവുകളുടെ ശരാശരിയേക്കാൾ കൂടുതൽ കണ്ടെത്തിയതായും പറയുന്നുണ്ട്. കുറ്റപത്രത്തിൽ പറഞ്ഞിരിക്കുന്ന ചെയിനേജുകളിൽ ഉള്ള GSB, WMM, BM, BC എന്നിവയുടെ കനത്തിൽ വന്ന കുറവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ നഷ്ടത്തുകയായ 45,765/-രൂപ വിജിലൻസ് നിർദ്ദേശപ്രകാരം അടവാക്കിയിട്ടുണ്ട്.

6. തുടർന്ന്, ചട്ടപ്രകാരമുള്ള നടപടിക്രമങ്ങളുടെ ഭാഗമായി കുറ്റാരോപിതരെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട ഓഫീസറുടെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു:-

a. പ്രത്യക്ഷത്തിൽ റോഡിനോ കോൺക്രീറ്റിനോ തകരാറൊന്നും വിജിലൻസ് കണ്ടെത്തിയിട്ടില്ലായെങ്കിലും, നാല് ഘട്ടങ്ങളിലെ പ്രവൃത്തികളിലും GSB, WMM, BM, BC എന്നിവയുടെ മൊത്തം കനത്തിൽ ചില പോയിന്റുകളിൽ കുറവ് കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, ലെവൽ ബുക്കിലെ അളവ്

രേഖപ്പെടുത്തലുകളിൽവന്ന പിശകുകൾ കാരണമാണ് സർക്കാരിന് നഷ്ടം സംഭവിച്ചതെന്നുള്ളത് സൈറ്റ് സൂപ്പർവിഷൻ ശരിയായ രീതിയിൽ ഓവർസിയർമാർ നടത്തിയില്ല എന്ന വിജിലൻസിന്റെ കണ്ടെത്തൽ ശരിവയ്ക്കുന്നതാണ്.

b. ഇപ്രകാരം വ്യതിയാനങ്ങൾ വന്നതിനാലാണ് M-book-ൽ രേഖപ്പെടുത്തിയ അളവുകളുമായി വ്യത്യാസമുള്ളത് വിജിലൻസ് കണ്ടെത്തിയത്. ആയത് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഭാഗത്തെ ശ്രദ്ധക്കുറവ് തന്നെയാണ്.

c. BM, BC വ്യത്യാസങ്ങൾ വന്ന പോയിന്റുകൾ ശ്രദ്ധിക്കാതെ M-book-ലെ രേഖപ്പെടുത്തലുകളുമായി ഒത്തുനോക്കാതെ ആയത് പരിശോധിക്കാതെ ശരിവച്ചതായ നടപടി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തെ മേൽനോട്ടക്കുറവ് തന്നെയാണ്.

7 . തുടർന്ന്, വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതരുടെ പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്, ഔപചാരിക അന്വേഷണ റിപ്പോർട്ട്, ഹിയറിങ് എന്നിവയുടെ അടിസ്ഥാനത്തിൽ എല്ലാ കുറ്റാരോപിതരുടെയും രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ രണ്ട് വർഷത്തേയ്ക്ക് തടയുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊണ്ട് അപ്രകാരം പരാമർശം 8 കാരണം കാണിക്കൽ നോട്ടീസ് നൽകി.

8. കാരണം കാണിക്കൽ നോട്ടീസിന് കുറ്റാരോപിതർ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന ലഭ്യമാക്കിയ മറുപടിയിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു:-

- ഏകപക്ഷീയമായി വിജിലൻസ് വകുപ്പ് തയ്യാറാക്കിയ രേഖയായ വിജിലൻസ് റിപ്പോർട്ടിന്റെ പിൻബലത്തിൽ കടുത്തശിക്ഷ വിധിക്കരുത്.
- വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഔപചാരിക അന്വേഷണം ആരംഭിച്ചു കഴിഞ്ഞാൽ വിജിലൻസ് റിപ്പോർട്ടിന്റെ പ്രാധാന്യം നഷ്ടപ്പെടുന്നു.
- ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ പരാമർശിക്കാത്ത കാര്യങ്ങൾ ഉൾപ്പെടുത്തി, വിജിലൻസ് റിപ്പോർട്ടിലെ പ്രതികൂല പരാമർശങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തി കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രികയിലെ കാര്യങ്ങൾ വസ്തുതാപരമായി പരിശോധിക്കാതെ മേലാറ്റൂർ-ചെമ്മാനിയോട് ബൈപ്പാസ് റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കടുത്തശിക്ഷ നൽകുവാൻ കൈക്കൊണ്ട തീരുമാനം ഔപചാരിക അന്വേഷണത്തിൽ വസ്തുതാപരമായി കണ്ടെത്താത്തതിന്റെ അടിസ്ഥാനത്തിൽ ഉപേക്ഷിയ്ക്കണം.
- മിന്നൽ പരിശോധന സമയത്ത് എടുത്ത കോർപിറ്റുകൾ ഒന്നും ലെവൽബുക്ക് പ്രകാരമുള്ള പോയിന്റുകൾ അല്ല. ആയതിനാൽ അളവുകൾ തെറ്റായി രേഖപ്പെടുത്തി എന്ന വാദം ശരിയല്ല. റോഡിന്റെ ആകെ നീളത്തിനെ 30 മീറ്റർ ഇടവേളകളായി തിരിച്ച് മധ്യത്തിലും വശങ്ങളിലുമായി ഓരോ പോയിന്റുകൾ

എടുത്ത് ലെവൽ റീഡിംഗ് നോക്കുകയും അസിസ്റ്റന്റ് എഞ്ചിനീയറുടെ level reading 30 മീറ്റർ Interval-ൽ Dumpy level ഉപയോഗിച്ച് check level എടുത്ത് അളവുകൾ ശരിയെന്ന് ബോധ്യപ്പെട്ടതിനുശേഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേലൊപ്പ ചാർത്തിയിട്ടുള്ളതുമാണ്. എന്നാൽ ശരാശരി എടുക്കുന്ന സമയത്ത് അധികം വന്ന അളവുകൾ തുക നൽകുന്നതിലേക്കായി പരിഗണിച്ചിട്ടില്ലാത്തതാണ്. വിജിലൻസ് റിപ്പോർട്ടിൽ തന്നെ റാൻഡം പരിശോധനയിൽ അളവുകൾ കൂടുതൽ കിട്ടിയ പോയിന്റുകളുണ്ട്.

- ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ സ്ഥലം സന്ദർശിക്കുകയും ഫയൽ പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ സൈറ്റ് പരിശോധനയിൽ മേലാറ്റൂർ-ചെമ്മാനിയോട് ബൈപ്പാസ് റോഡ് കേടുപാടുകളില്ലാതെ നല്ലഅവസ്ഥയിൽ കാണപ്പെട്ടു എന്ന് പരാമർശിച്ചിട്ടുണ്ട്. കൂടാതെ വിജിലൻസ് പരിശോധനയിൽ GSB, WMM എന്നിവയുടെ കനത്തിൽ ചില പോയിന്റിൽ കുറവ് കണ്ടുവെങ്കിലും നിർമ്മാണം പൂർത്തിയാക്കി രണ്ടുവർഷം പിന്നിട്ടിട്ടും കനത്ത വാഹനസാന്ദ്രതയുള്ള റോഡിൽ കേടുപാടുകൾ ഒന്നും കാണപെട്ടില്ല എന്നത് റോഡ് നിർമ്മാണത്തിൽ ഗുരുതരമായ പിഴവും ഗുണനിലവാരം ഇല്ലായ്മയും സംഭവിച്ചിട്ടില്ല എന്നതിനാലാണെന്ന് ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയിട്ടുള്ളത് പരിഗണിയ്ക്കണം.
- കഠിനശിക്ഷാനടപടികൾ കൈക്കൊള്ളുന്ന പക്ഷം കുറ്റാരോപിതർക്ക് ഔദ്യോഗിക ജീവിതത്തിലും വ്യക്തിജീവിതത്തിലും അപരിഹാര്യമായ കഷ്ടനഷ്ടങ്ങൾ ഉണ്ടാകും എന്നും കുറ്റാരോപിതർ ബോധിപ്പിച്ചു.

9. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതരുടെ പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്, ഔപചാരിക അന്വേഷണ റിപ്പോർട്ട്, ഹിയറിങ് വേളയിലെ വാദങ്ങൾ, കാരണം കാണിക്കൽ നോട്ടീസിന് കുറ്റാരോപിതർ ലഭ്യമാക്കിയ മറുപടി എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടയുക എന്ന കഠിനശിക്ഷ നൽകുവാൻ കാരണമാകുന്ന രീതിയിലുള്ള കുറ്റം കുറ്റാരോപിതരിൽ നിന്ന് ഉണ്ടായതായി പ്രിൻസിപ്പൽ ഡയറക്ടറോ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനോ റിപ്പോർട്ട് ചെയ്യുകയോ ഹിയറിംഗ് ഓഫീസർക്ക് ബോധ്യപ്പെടുകയോ ചെയ്തിട്ടില്ലാത്തതിനാൽ കാരണം കാണിയ്ക്കൽ നോട്ടിസിനു നല്കിയിട്ടുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ താൽക്കാലിക തീരുമാനം പുന:പരിശോധിക്കുകയും വിജിലൻസ് വകുപ്പിന്റെ അംഗീകാരത്തോടെ കഠിനശിക്ഷ ലഘൂകരിയ്ക്കുവാൻ തീരുമാനിയ്ക്കുകയുമുണ്ടായി. മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ മേലാറ്റൂർ-ചെമ്മാനിയോട് ബൈപ്പാസ് റോഡിന്റെ പുനർനിർമ്മാണപ്രവൃത്തിയുമായി ബന്ധപ്പെട്ട വിജിലൻസ് മിന്നൽപരിശോധനയിലെ കണ്ടെത്തലുകളുടെയും വിജിലൻസ് ശിപാർശയുടെയും അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ഷെറിൻ ബീഗം (PEN-684030), അസിസ്റ്റന്റ് എഞ്ചിനീയർമാരായ, ശ്രീമതി മൃദു റ്റി.ആർ. (PEN-619702), ശ്രീ. മുഹമ്മദ്

അസ്ലഹ് പി. (PEN-436627), ഓവർസിയർമാരായ ശ്രീ. അരുൺ ജി.എസ്. (PEN-800236), ശ്രീ. ഷബാബ് ഒ. (PEN-802368) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച കഠിനശിക്ഷയ്ക്കുള്ള അച്ചടക്കനടപടിയിലെ ശിക്ഷ ലഘൂകരിച്ച്, അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (iii) പ്രകാരം ടിയാളുകളുടെ **രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ രണ്ട് വർഷത്തേക്ക് താത്ക്കാലികമായി തടയുക എന്ന ശിക്ഷ നല്കി,** ടിയാളുകൾക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു. ഉത്തരവ് നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ പ്രിൻസിപ്പൽ ഡയറക്ടർ അടിയന്തരമായി കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. തദ്ദേശസ്വയംഭരണ( ഇ.ഡബ്ല്യൂ.ബി) വകുപ്പ് **(DPC സംബന്ധമായ തുടർനടപടിക്കായി)**
5. വിജിലൻസ് (ഡി) വകുപ്പ് (12.03.2026-ലെ VIG-D1/252/2023-VIG പ്രകാരം)
6. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
7. സ്റ്റോക്ക് ഫയൽ (EWA2/81/2023-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 21-04-2026 16:01:34
സെക്ഷൻ ഓഫീസർ